ഖുത്വ്ബ നമ്പർ
**06**
**07-02-2014**

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

# ജുമുഅ ഖുത്വ്ബ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

### ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز

വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, തമ്മനം



Baitul Futuh, London

# വാഗ്ദത്ത മസീഹിന്റെ നിയോഗോദ്ദേശ്യവും, ജമാഅത്തിനോടുള്ള ഉപദേശങ്ങളും

എല്ലാ ശനിയാഴ്ച്ചയും എം.ടി.എ.യിൽ പ്രക്ഷേപണം ചെയ്യപ്പെടുന്ന പരിപാടിയാണ് റാഹെ ഹുദാ, അതിൽ വിവിധ വിഷയങ്ങളിൽ നമ്മുടെ പണ്ഡിതന്മാരും മുറബ്ബിമാരും സംസാരിക്കുന്നു. ഫോണിലൂടെ തത്സമയ ചോദ്യങ്ങളും മറുപടിയും ഉണ്ടാകുന്നു. അതിൽ അനഹ്മദികളും ചോദ്യങ്ങൾ ഉന്നയിക്കുന്നു. കഴിഞ്ഞ ശനിയാഴ്ചയിലെ പരിപാടിയുടെ ഏതാനും ഭാഗങ്ങൾ കാണുന്നതിനുള്ള അവസരം എനിക്ക് ലഭിച്ചിരുന്നു. അന്നേരം ഫോണിലൂടെ ഒരു അനഹ്മദി ഹ: മസീഹ് മൗഊദ് عليه السلام ന്റെ ഒരു വെളിപാടിനെ സംബന്ധിച്ചായിരുന്നു ചോദ്യം ഉന്നയിച്ചു കൊണ്ടിരുന്നത്.

യഥാർഥത്തിൽ അതൊരു അക്ഷേപം തന്നെയായിരുന്നു. ആമുഖമായി പറഞ്ഞത്, വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ വചനങ്ങളാണ്, ചില ഹദീസുകളും മഹാന്മാരുടെ വചനങ്ങളും ഉണ്ട്. ഇവയെല്ലാം നോക്കുമ്പോൾ പരസ്പരം ഒരു ബന്ധം ദൃശ്യമാകുന്നു. എന്നാൽ ഒരു ഇൽഹാം സമർപിച്ച് കൊണ്ട് പറയുന്നു, ഇതിൽ പരസപര ബന്ധമില്ല. അഥവാ ഞങ്ങൾക്ക് മനസ്സിലായിട്ടില്ല. ഏതായാലും അത് ആരോപണമുന്നയിക്കുന്നതിനുള്ള ഒരു രീതിയായിരുന്നു. ആക്ഷേപിക്കാനുള്ള ധൈര്യം കാട്ടിയില്ല. എന്നാൽ ആക്ഷേപമാണെന്ന് തോന്നുന്ന രീതിയിലായിരുന്നു അവതരിപ്പിച്ചത്.

ഇൽഹാം ഇതായിരുന്നു, പത്ത് ദിവസത്തിന് ശേഷം ഞാൻ ആവേശം കാണിക്കുന്നതാണ്. اَلَاۤ اِنَّ نَصۡرَ اللّٰہِ قَرِیۡبٌ فِیۡ شَعَائِرٍ مِّنَ الۡقِیَاسِ തുടർന്ന് ഇംഗ്ലീഷിലെ ഒരു വാക്യമാണ്. Then will you go to Amritser. ഇതിന് സംക്ഷിപ്തമായ നിലയിൽ മറുപടി പറയുന്നവർ ഉത്തരം നൽകുകയുണ്ടായി. എന്നാൽ മറ്റ് ചില ആക്ഷേപകരും, അല്ലെങ്കിൽ അറിവ് കുറഞ്ഞവരായ നമ്മുടെ യുവാക്കളും ചോദ്യമുന്നയിക്കുന്ന ആളുടെ രീതിയിൽ പ്രഭാവിതരാകാതിരിക്കുന്നതിന് വേണ്ടി അല്ലെങ്കിൽ വിശദീകരണം ആഗ്രഹിക്കുന്നവർക്കായി ഹ: മസീഹ് മൗഊദ് عليه السلام ന്റെ വാക്കിൽ തന്നെ അതിന്റെ വിശദീകരണം നൽകേണ്ടത് അനിവാര്യമാണെന്ന് ഞാൻ മനസ്സിലാക്കുന്നു.

റാഹെ ഹുദാ പരിപാടിയിൽ അനഹ്മദികൾ ഇത്തരത്തിൽ ഉള്ള ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നു. അന്നേരം തന്നെ അതിന് പണ്ഡിതന്മാർ മറുപടിയും നൽകാറുണ്ട്. ചിലപ്പോൾ വിശദീകരണം ആവശ്യമുള്ളതാണെങ്കിൽ അടുത്ത പരിപാടിയിൽ നൽകുന്നു. അതിനാൽ എല്ലാ ചോദ്യങ്ങൾക്കും ആരോപണങ്ങൾക്കും ഖുത്വുബകളിൽ മറുപടി പറയേണ്ട ആവശ്യമില്ല. ഇതിന്റെ വിശദീകരണം നൽകുന്നതിന് കാരണം, തുടർച്ചയായ ഖുത്ബകളിലെ കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഒരു കാര്യം പറഞ്ഞിരുന്നു, മസീഹ് മൗഊദ് عليه السلام ന്റെ ദൃഷ്ടാന്തങ്ങളും അല്ലാഹുവിന്റെ സഹായങ്ങളും നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്നതിനും അന്യരുടെ വായടപ്പിക്കുന്നതിനുമായി ധാരാളമുണ്ട്. ഒരു പക്ഷെ അതിന്റെ ചെറിയൊരംശം പോലും അന്യരുടെ പക്കൽ ഉണ്ടാകില്ല.

ഈ ഇൽഹാമിനെ ചോദ്യകർത്താവ് പരിഹാസ്യമാക്കാൻ ശ്രമിക്കുകയായിരുന്നു. ഇൽഹാം ഹ: മസീഹ് മൗഊദ് عليه السلام ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിൽ തന്റെ അടയാളമായിട്ടാണ് സമർപ്പിച്ചിട്ടുള്ളത്. അത്പോലെ തദ്കിറയിലും അതിന്റെ പരാമർശമുണ്ട്. വളരെ വിശദമായ പരാമർശമുണ്ട്. ഏതായാലും ചോദ്യകർത്താവിന്റെ ചോദ്യത്തിൽ നിന്ന് മനസ്സിലാകുന്നത്, ആക്ഷേപം ഉന്നയിച്ചിരിക്കുന്നത് തദ്കിറ വായിച്ചിട്ടാണെന്നാണ്. എന്നാൽ അതിന്റെ പശ്ചാത്തലം വായിച്ചിട്ടുണ്ടാകാം, അല്ലെങ്കിൽ ആശയകുഴപ്പം സൃഷ്ടിക്കുന്നതിനായി അതിനെ ഒഴിവാക്കിയതായിരിക്കാം. ബറാഹീനെ അഹ്മദിയായിലും ഏകദേശം ഇതേ വിഷയം തന്നെയാണ്. അത് വായിച്ചിട്ടുണ്ടായിരിക്കില്ല. കാരണം അത് വളരെ ശ്രദ്ധയോടെ വായിക്കേണ്ട പുസ്തകമാണ്.

ഏതായാലും, ശരിയായ ഉദ്ധരണികൾ കേൾപ്പിക്കുകയാണ്. 1882ലെ കാര്യമാണ്. ഹ: മസീഹ് മൗഊദ് عليه السلام പറയുന്നു: "കുറച്ച് കാലം മുമ്പ് അല്പം പൈസക്ക് കഠിനമായ ആവശ്യം വന്നു. ആവശ്യം എന്തായിരുന്നുവെന്ന് ഇവിടെയുള്ള ആര്യസമാജികൾക്കും അറിയാമായിരുന്നു. അതിനാൽ പ്രശ്ന പരിഹാരത്തിനായി അല്ലാഹുവിന്റെ പക്കൽ ദുഃആ ചെയ്യാം എന്ന ആഗ്രഹം അനിയന്ത്രിതമായി ഹൃദയത്തിൽ അലയടിക്കാൻ തുടങ്ങി. ഈ ദുഃആ സ്വീകാര്യതയിലൂടെ ഒരു ഭാഗത്ത് പ്രശ്നം പരിഹരിക്കപ്പെടുകയും മറുഭാഗത്ത് എതിരാളികൾക്കായി ദൈവസഹായത്തിന്റെ അടയാളവും വെളിപ്പെടുന്നതാണ്. അങ്ങനെ അന്നു തന്നെ ദുഃആ ചെയ്യുകയുണ്ടായി. അടയാളമായി സാമ്പത്തിക സഹായത്തിന്റെ അറിയിപ്പ് നൽകാനായി അർഥിച്ചു. അപ്പോൾ ഈവെളിപാട് ലഭിച്ചു. പത്ത് ദിവസത്തിന് ശേഷം ഞാൻ ആവേശം കാണിക്കുന്നതാണ്. اَلَاۤ اِنَّ نَصۡرَ اللّٰہِ قَرِیۡبٌ فِیۡ شَعَائِرٍ مِّنَ الۡقِیَاسِ Then will you go to Amritser. അതായത് പത്ത് ദിവസത്തിന് ശേഷം പൈസ വരുന്നതാണ്." ഹ: മസീഹ് മൗഊദ് عليه السلام സ്വയം വിശദീകരണം നൽകുകയാണ്. "പത്ത് ദിവസത്തിനു ശേഷം പൈസ വരുന്നതാണ്. അല്ലാഹുവിന്റെ സഹായം സമീപസ്ഥമാണ്."

പ്രസവിക്കുന്നതിന് ഒട്ടകം വാല് ഉയർത്തുമ്പോൾ കുട്ടിയുടെ ജനനം സമീപസ്ഥമാകുന്നതുപോലെ ദൈവ സഹായവും സമീപസ്ഥമാണ്. പിന്നീട് ഇംഗ്ലീഷ് വാക്യത്തിൽ പറയുന്നു, പത്ത് ദിവസത്തിന് ശേഷം പൈസ വരുമ്പോൾ നീ അമൃത്സറിലേക്കും പോകുന്നതാണ്. ഈ പ്രവചനത്തിൽ പറഞ്ഞതു പോലെതന്നെ ഹിന്ദുക്കളിൽ അതായത് ആര്യസമാജക്കാരിൽ അത് പൂർത്തിയായി.

പ്രവചനത്തിൽ പറഞ്ഞതനുസരിച്ച് പത്ത് ദിവസം വരെ ഒരു പൈസ പോലും വന്നില്ല. പത്ത് ദിവസത്തിന് ശേഷം അതായത് പതിനൊന്നാം ദിവസം മുഹമ്മദ് അഫ്സൽ ഖാൻ സാഹിബ് റാവൽ പിണ്ഡി 110 രൂപ അയച്ചു. 20 രൂപ മറ്റൊരിടത്ത് നിന്ന് വന്നു. തുടർന്ന് സങ്കൽപത്തിൽ പോലും ഇല്ലാതിരുന്ന തരത്തിൽ നിരന്തരമായി ഒരു ശൃംഖല തന്നെ ആരംഭിച്ചു. പത്ത് ദിവസം കഴിഞ്ഞ അന്നേ ദിവസം മുഹമ്മദ് അഫ്സൽ ഖാൻ സാഹിബിന്റെ പൈസ വന്ന ദിവസം അമൃത്സറിലും പോകേണ്ടിവന്നു. കാരണം അമൃത്സറിലെ ഒരു കോടതിയിൽ നിന്ന് സാക്ഷി പറയുന്നതിനായി ഒരു സമൻസ് അന്ന് തന്നെ വരികയും ചെയ്തു. ഇതായിരുന്നു ഈ ഇൽഹാമിന്റെ മുഴുവൻ പശ്ചാത്തലം.

ഇതിന് ശേഷം മറ്റൊരിടത്ത് കൂടുതൽ വിശദീകരിച്ചുകൊണ്ട് തൽ സംബന്ധമായി മസീഹ് മൗഊദ് ﷺ പറയുന്നു, അതിൽ മറ്റൊരു ദൃഷ്ടാന്തവുമുണ്ട്. കുറച്ചു നാളായി ഹാഫിളും ഹാജിയുമായ നൂർ അഹ്മദ് എന്ന വ്യക്തി യാദൃശ്ചികമായി തന്റെ ലളിതമായ വേഷത്തിൽ യാത്രക്കിടയിൽ ഇവിടെയും എത്തിച്ചേർന്നു. അദ്ദേഹത്തിന് അല്പം അറബിയും അറിയാമെന്ന് തോന്നുന്നു. ഖുർആന്റെ ഉപദേശകനുമാണ്. അമൃത്സറിലാണ് താമസം. അദ്ദേഹം നമ്മുടെ പക്കലാണ് തങ്ങിയത്. ഈ വിനീതനു മേൽ അദ്ദേഹം ഇൽഹാമിനെ സംബന്ധിച്ചുള്ള തന്റെ തെറ്റായ അഭിപ്രായം വാദിയെന്ന നിലയിൽ പ്രകടിപ്പിക്കുകയുമുണ്ടായി. അത് എന്നെ വളരെ വിഷമിപ്പിച്ചു. ഈ തെറ്റായ അഭിപ്രായം ഉണ്ടാക്കിയത് അദ്ദേഹത്തിന്റെ ഉസ്താദായിരുന്നു. ആ മൗലവിയുടെ പേര് ഹദ്റത് മസീഹ് മൗഊദ് ﷺ ബറാഹീനെ അഹ്മദിയ്യയിൽ പരാമർശിച്ചിട്ടുമുണ്ട്. അല്ലാഹുവിന്റെ ഔലിയാക്കളുടെ ഇൽഹാമിനെ കുറിച്ച് സംശയത്തിലായിരുന്നു. അതിനെ കുറിച്ചാണ് ഹദ്റത് മസീഹ് മൗഊദ് പറയുന്നത്. "അതിനെ സംബന്ധിച്ച് അദ്ദേഹത്തിന് ചില സംശയങ്ങളുണ്ടായിരുന്നു. പല രീതിയിൽ അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കികൊണ്ടിരുന്നു. എന്നാൽ ഒരു പ്രഭാവവും ഉണ്ടായില്ല. അവസാനം അല്ലാഹുവിലേക്ക് ശ്രദ്ധിക്കേണ്ട അവസരം എത്തി, അല്ലാഹുവിനോട് ദുഃആ ചെയ്യാം എന്ന് മനസ് പറഞ്ഞു."

പ്രവചനം പുലരുന്നതിന് മുമ്പ് തന്നെ അദ്ദേഹത്തോട് പറയുകയും ചെയ്യാം. സർവ്വ ശക്തനായ അല്ലാഹുവിന്റെ സന്നിധിയിൽ ദുഃആ ചെയ്യുന്നതാണ്. ഈ ദുഃആ സ്വീകരിക്കപ്പെട്ടുകൊണ്ട് നിങ്ങൾ സ്വന്തം കണ്ണുകൾ കൊണ്ട് ദർശിക്കുന്ന അടയാളം വെളിപ്പെട്ടാൽ അത്ഭുതപ്പെടേണ്ട. അങ്ങനെ അന്ന് രാത്രി ഇക്കാര്യത്തിനായി സർവ്വ കഴിവുകളുമുള്ള അല്ലാഹുവിന്റെ സന്നിധിയിൽ ദുഃആ ചെയ്യുകയുണ്ടായി. അതിരാവിലെ തന്നെ ഒരു കത്ത് ദർശനത്തിൽ കാണിച്ചു തരികയുണ്ടായി. അതൊരു വ്യക്തി തപാലിൽ അയച്ചതായിരുന്നു. ആ കത്തിൽ ഇംഗ്ലീഷിൽ ഇങ്ങനെ എഴുതിയിരുന്നു. I am Quareller. അറബിയിൽ എഴുതിയിരുന്നു هٰذَا شَاهِدٌ نَزَّاغٌ ഇതേ വാക്ക് തന്നെ ഇൽഹാമായും എനിക്ക് ഇറക്കപ്പെട്ടു. പിന്നീട് ആ അവസ്ഥ മാറി. വിനീതന് ഇംഗ്ലീഷ് ഭാഷ അറിയില്ലായിരുന്നു. പ്രഭാതത്തിൽ തന്നെ ഈ ഇൽഹാമിനെ കുറിച്ച് സംശയമുണ്ടായിരുന്ന ആൾക്ക് പറഞ്ഞ് കൊടുത്തു. ദർശനത്തെകുറിച്ചും ഇൽഹാമിനെ കുറിച്ചും വരാൻ പോകുന്ന കത്തിനെ കുറിച്ചും അറിവ് നൽകിയ ശേഷം അപ്പോൾ തന്നെ ഒരു ഇംഗ്ലീഷ് അറിയുന്ന ആളെകൊണ്ട് ഇംഗ്ലീഷ് വാക്യത്തിന്റെ അർത്ഥവും മനപ്പാഠമാക്കി. ഞാൻ കലഹിക്കുന്നവനാണെന്നാണ് അതിന്റെ അർത്ഥം എന്ന് മനസ്സിലായി.

ഈ ചുരുങ്ങിയ വാക്കുകളിൽ നിന്ന് മനസ്സിലായത് ഏതോ കലഹത്തെ കുറിച്ച് കത്ത് വരാൻ പോകുന്നു എന്നാണ്. هٰذَا شَاهِدٌ نَزَّاغٌ എന്ന് എഴുതിയിരുന്ന രണ്ടാമത്തെ വാക്യത്തിന്റെ അർത്ഥം, കത്തെഴുതുന്ന ആൾ ഏതോ കേസിന്റെ സാക്ഷിയെ കുറിച്ചാണ് എഴുതുന്നതെന്നാണ്. ശക്തമായ മഴ കാരണം ഹാഫിസ് നൂർ അഹ്മദ് സാഹിബിന് അന്ന് അമൃത്സറിലേക്ക് പോകാൻ സാധിച്ചില്ല. അന്ന് പോകേണ്ടതായിരുന്നു. എന്നാൽ മഴ കാരണം പോകാൻ കഴിഞ്ഞില്ല. ഒരു ആകാശീയ കാരണത്താൽ അദ്ദേഹത്തെ തടയേണ്ടത് യഥാർത്ഥത്തിൽ ദുഃആ സ്വീകാര്യതയുടെ അറിയിപ്പായിരുന്നു കാരണം ദുഃആ സ്വീകാര്യതയുടെ ദൃഷ്ടാന്തം സ്വന്തം കണ്ണുകൾ കൊണ്ട് ദർശിക്കേണ്ടതായിരുന്നു.

ഏതായാലും എല്ലാ പ്രവചനങ്ങളുടെയും വിഷയം അദ്ദേഹത്തിന് കേൾപ്പിച്ചു കൊടുത്തു. വൈകുന്നേരം അദ്ദേഹത്തിന് മുന്നിൽ വെച്ച് തന്നെ സഫീറെ ഹിന്ദ് പ്രസിന്റെ ഉടമസ്ഥൻ പാതിരി അജബ് അലി സാഹിബിന്റെ ഒരുകത്ത് രജിസ്ട്രിയായി അമൃത്സറിൽ നിന്ന് വന്നു. അതിൽ നിന്ന് മനസ്സിലായത് പാതിരി സാഹിബ് തന്റെ ഗ്രന്ഥമെഴുതിയ തന്റെ എഴുത്ത്കാരന് മേൽ ഒരു കേസ് നൽകിയിരിക്കുന്നു. അതിൽ വിനീതനെ ഒരു സംഭവത്തിൽ സാക്ഷിയായി പറഞ്ഞിരിക്കുന്നു. അതോടൊപ്പം സർക്കാറിന്റെ ഒരു സമൻസുമുണ്ടായിരുന്നു. അകത്ത് വന്നതിനു ശേഷം هٰذَا شَاهِدٌ نَزَّاغٌ അതായത് ഈ സാക്ഷ്യം നാശം വിതക്കുന്നതാണ് എന്ന ഇൽഹാമിന്റെ അർത്ഥം മനസ്സിലായി. അതായത് സഫീറെ ഹിന്ദ് പ്രസിന്റെ സംഘാടകന്റെ ഹൃദയത്തിൽ ഉണ്ടായിരുന്ന ദൃഢവിശ്വാസം, ഈ വിനീതന്റെ സാക്ഷ്യം സത്യസന്ധവും നിജവുമായിരിക്കും എന്നതായിരുന്നു. സത്യസന്ധവും, യഥാർഥവും വിശ്വാസയോഗ്യവുമായ സാക്ഷ്യം മറുകക്ഷിയെ പിടിച്ചുലക്കുന്നതാണ്. ഹദ്റത് മസീഹ് മൗഊദ് ﷺ ന്റെ സാക്ഷ്യം സത്യസന്ധവും, നിലയും വിലയുമുള്ളതും, പ്രബലവുമായിരിക്കും. അതിനാൽ എല്ലാ നിലയിലും അത് പ്രാധാന്യമർഹിക്കുന്നതായിരിക്കും. അതായത്. ഇത് എതിർകക്ഷിക്ക് മേൽ നാശമായി പതിക്കുന്നതാണെന്ന് അറിയാം. അക്കാരണത്താൽ കത്തെഴുതിയ വ്യക്തി സാക്ഷി പറയുന്നതിനായി വിനീതനെ വിളിപ്പിച്ചതും, സമൻസ് പുറപ്പെടുവിച്ചതും. ഈ പ്രവചനം പൂർത്തിയാകുകയും അമൃത്സറിൽ പോകേണ്ടിവരികയും ചെയ്ത ദിവസം ആദ്യ പ്രവചനം പൂർത്തിയായ ദിവസവുമായിരുന്നു. ആ ആദ്യ പ്രവചനം നൂർ അഹ്മദ് സാഹിബിന്റെ കൺമുമ്പിൽ പൂർത്തിയായി. അതായത് അതേ ദിവസം 10 ദിവസത്തിന്

ശേഷമുള്ള ദിവസമായിരുന്നു. പൈസ വന്നു. അമൃത്സറിലും പോകേണ്ടിവന്നു. فَالْحَمْدُ لِلّٰہِ عَلٰی ذٰلِکَ

ഇന്ന് ഞാൻ ദൃഷ്ടാന്തങ്ങളുടെ അടിസ്ഥാനത്തിൽ ഇത്രമാത്രമാണ് പരാമർശിക്കാൻ ആഗ്രഹിച്ചിരുന്നത്. ഞാൻ പറഞ്ഞത് പോലെ റാഹെ ഹുദായിൽ ഉണ്ടായ ഒരു ചോദ്യം കാരണമാണ് ഈ പരാമർശം ഉണ്ടായത്. اِنْ شَاءَ اللّٰہ ഭാവിയിൽ ദൃഷ്ടാന്തങ്ങളെ സംബന്ധിച്ചുള്ള പരാമർശം ഉണ്ടായിരിക്കുന്നതാണ്.

ഇനി ഞാൻ ഹ: മസീഹ് മൗഊദ് عليه السلام തന്റെ ജമാഅത്തിനെ സംബന്ധിച്ച കർമങ്ങളുടെ നിലവാരത്തെ കുറിച്ചുള്ള ചിന്തകളെ അടിസ്ഥാനമാക്കി അദ്ദേഹത്തിന്റെ ഏതാനും ഉദ്ധരണികൾ സമർപ്പിക്കുന്നതാണ്. ഈ ഉദ്ധരണികൾ വായിക്കുന്നതിന് മുമ്പ് ഹ: മിർസാ ബശീർ അഹ്മദ് സാഹിബ് رضي الله عنه എഴുതിയ ചരിത്ര പുസ്തകത്തിലെ ഒരു സംഭവം പരാമർശിക്കുന്നതാണ്. കാലത്തിന്റെ ഖലീഫ ഏതെങ്കിലും പ്രത്യേക കാര്യത്തിലേക്ക് ശ്രദ്ധ ചെലുത്തുമ്പോൾ, സമുദ്ധാരണ കാര്യമാണെങ്കിൽ ജമാഅത്തിന്റെ വലിയൊരു വിഭാഗം അതിൽ ശ്രദ്ധയൂന്നുന്നൂ എന്നത് അല്ലാഹുവിന്റെ കാരുണ്യമാണ്. കത്തുകളിലൂടെയും അതെനിക്ക് അനുഭവപ്പെടുന്നുണ്ട്. കൂടാതെ അല്ലാഹു ഖിലാഫത്തിന് നൽകിയിരിക്കുന്ന ചില സഹായികൾ അവരുടെ ഓർമക്കനുസരിച്ച് ഏതാനും ഉദ്ധരണികൾ അയച്ചു തരുന്നു. മുമ്പ് വായിച്ചതാണെങ്കിലും അത് ദൃഷ്ടിയിൽ നിന്നും മറഞ്ഞു പോകുന്നു. ഞാൻ വായിക്കാൻ പോകുന്ന ഉദ്ധരണിയിൽ ഹ: മസീഹ് മൗഊദ് عليه السلام തന്റെ ചിന്തയെ പ്രകടിപ്പിക്കുകയാണ്. നമ്മുടെ ഒരു മുറബ്ബി സാഹിബാണ് ഇത് അയച്ചത്. ''താങ്കൾ കർമസംസ്കരണത്തെ കുറിച്ചാണ് പറയുന്നത്. തൽസംബന്ധമായി ഹ: മസീഹ് മൗഊദ് عليه السلام ന്റെ ചിന്തയെ വെളിപ്പെടുത്തുന്ന ഒരു ഉദ്ധരണി അയച്ചു തരുന്നു'' എന്ന് പറയുകയുണ്ടായി. അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നൽകട്ടെ. ആ ഉദ്ധരണി ഇപ്രകാരമാണ്.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു: ''സയ്യദ് മുഹമ്മദ് സർവർ ശാഹ് സാഹിബ് എന്നോട് പറഞ്ഞു. ഒരിക്കൽ ഏതോ കാര്യത്തിൽ മീർ സാഹിബും മൗലവി മുഹമ്മദലി സാഹിബും തമ്മിൽ ഭിന്നതയുണ്ടായി. മീർ സാഹിബ് ദേശ്യപ്പെട്ടുകൊണ്ട് അകത്ത് പോയി മസീഹ് മൗഊദ് നോട് കാര്യങ്ങൾ പറഞ്ഞു. മൗലവി മുഹമ്മദ് അലി സാഹിബ് ഇതറിഞ്ഞപ്പോൾ ഹുസൂറിനോട് പറഞ്ഞു, ''ഞങ്ങൾ ഇവിടെ ഹുസൂറിന് വേണ്ടിയാണ് വന്നിട്ടുള്ളത്. ഹുസൂറിന്റെ സവിധത്തിൽ നിന്ന്കൊണ്ട് എന്തെങ്കിലും ദീനി സേവനത്തിനുള്ള അവസരം ലഭിക്കുന്നതിനായി. എന്നാൽ ഹുസൂറിന്റെ അടുക്കലേക്ക് ഞങ്ങളെ സംബന്ധിച്ചുള്ള പരാതികൾ ഇങ്ങനെ എത്തിക്കൊണ്ടിരുന്നാൽ, ഹുസൂറും മനുഷ്യനാണ്, ഹുസൂറിന്റെ മനസിൽ എപ്പോഴെങ്കിലും ഞങ്ങളെകുറിച്ച് എന്തെങ്കിലും ചിന്തവരാം. അങ്ങിനെയെങ്കിൽ ഖാദിയാനിൽ വന്നിട്ട് ഞങ്ങൾക്ക് ഗുണം ഉണ്ടാകുന്നതിന് പകരം നഷ്ടമായിരിക്കും ഉണ്ടാകുക.'' ഹദ്റത് സാഹിബ് പറഞ്ഞു: ''മീർ സാഹിബ് എന്നോട് എന്തോ പറഞ്ഞിരുന്നു. എന്നാൽ അന്നേരം ഞാൻ ചിന്തയിൽ വളരെയധികം നിമഗ്നനായിരുന്നു. അതിനാൽ അല്ലാഹുവിനെ സത്യം ചെയ്ത് പറയുന്നു, മീർ സാഹിബ് എന്താണ് പറഞ്ഞത് എന്ന് എനിക്കറിയില്ല. കുറച്ചു ദിവസമായി എന്റെ മനസിൽ ഒരു ചിന്ത ശക്തമായി ഉടലെടുത്തിരിക്കുകയാണ്. അത് എന്നെ മറ്റെല്ലാ കാര്യത്തിൽ നിന്നും അകറ്റിയിരിക്കുകയാണ്. (വളരെ ശ്രദ്ധിച്ച് കേൾക്കേണ്ട കാര്യമാണ്.) നിൽക്കുമ്പോഴും ഇരിക്കുമ്പോഴും എല്ലായ്പ്പോഴും തന്നെ ആ ഒരു ചിന്ത മാത്രമായിരിക്കും ഉണ്ടാകുക. ഞാൻ പുറത്ത് ആളുകൾക്കിടയിൽ ഇരിക്കുകയായിരിക്കും. ആരെങ്കിലും എന്നോട് സംസാരിക്കുമ്പോഴും എന്റെ മനസ്സിൽ അതേ ചിന്ത അലയടിച്ചു കൊണ്ടിരിക്കുകയായിരിക്കും. ആ വ്യക്തി തന്റെ വാക്കുകൾ കേൾക്കുകയാണെന്ന് കരുതുന്നുണ്ടാവും. എന്നാൽ ഞാനാ ചിന്തയിൽ മുഴുകിയിരിക്കുകയായിരിക്കും. ഞാൻ വീട്ടിലേക്ക് പോകുമ്പോഴും അവിടെയും അതേ ചിന്ത തന്നെയായിരിക്കും കൂടെയുണ്ടാകുക. ചുരുക്കത്തിൽ ഈ ദിവസങ്ങളിൽ ഈ ചിന്ത വളരെ ശക്തമായ നിലയിൽ എന്റെ മനസിനെ കീഴടക്കിയിരിക്കുകയാണ്. അതിനാൽ മറ്റ് ചിന്തകൾക്ക് അവസരം തന്നെ ലഭിക്കുന്നില്ല.''

''ആ ചിന്ത ഇതാകുന്നു, എന്റെ ആഗമനത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം സത്യ വിശ്വാസികളായ, അല്ലാഹുവിൽ യഥാർഥ വിശ്വാസമുള്ള, അവനുമായി യഥാർഥ ബന്ധം സ്ഥാപിക്കുന്ന, ഇസ്‌ലാമിനെ തങ്ങളുടെ അടയാളമാക്കുന്ന, തിരുനബി صلى الله عليه وسلم യുടെ ഉത്തമ മാതൃകകളെ സ്വായത്തമാക്കുന്ന, സമുദ്ധാരണത്തിന്റെയും ഭയഭക്തിയുടേയും മാർഗത്തിൽ ചലിക്കുന്ന, ഉന്നത ധാർമിക ഗുണം സ്ഥാപിക്കുന്ന ഒരു ജമാഅത്ത് സ്ഥാപിതമാകണം എന്നതാണ്. പിന്നീട് ആ ജമാഅത്ത് മുഖേന ലോകം നേർമാർഗം കരസ്ഥമാക്കണം. അല്ലാഹുവിന്റെ ഇഛ്ച പൂർത്തിയാക്കണം. അഥവാ ഈ ഉദ്ദേശ്യം പൂർത്തിയാവുന്നില്ലെങ്കിൽ, തെളിവുകൾ മുഖേന നാം എതിരാളികൾക്ക് മേൽ വിജയം വരിക്കുകയും, അവരെ പൂർണ്ണമായും പരാജയപ്പെടുത്തുകയും ചെയ്താൽ തന്നെയും നമ്മുടെ വിജയം വിജയമാകില്ല. കാരണം അഥവാ നമ്മുടെ യഥാർഥ നിയോഗോദ്ദേശ്യം പൂർത്തിയാകുന്നില്ലെങ്കിൽ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും പാഴായി പോകുന്നതാണ്. തെളിവുകൾ കൊണ്ടുള്ള വിജയം സ്പഷ്ടമായ നിലയിൽ എനിക്ക് കാണാൻ കഴിയുന്നുണ്ട്. എതിരാളികളും സ്വന്തം ദൗർബല്യത്തെ അനുഭവിച്ചറിയാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ നമ്മുടെ യഥാർഥ നിയോഗോദ്ദേശ്യത്തെ സംബന്ധിച്ച് ഇപ്പോഴും വലിയ ന്യൂനതയാണുള്ളത്. വളരെ ശ്രദ്ധയുടെ ആവശ്യമുണ്ട്. ഈയൊരു ചിന്തയാണ് ഇന്നാളുകളിൽ എന്നെ കാർന്നു തിന്നുന്നത്. ഒരു നേരത്തും എന്നിൽ നിന്ന് ഒഴിഞ്ഞു പോകാത്ത നിലയിൽ എന്നെ അത് കീഴ്പ്പെടുത്തിയിരിക്കുകയാണ്.''

ഈയൊരു വേദനയാണ് അദ്ദേഹത്തെ അസ്വസ്ഥനാക്കിയിരുന്നത്. അഹ്മദികൾ എങ്ങിനെ ആയിരിക്കണം എന്നത് സംബന്ധിച്ച് വിവിധ സന്ദർഭങ്ങളിൽ അദ്ദേഹം ജമാഅത്തിനെ ഉപദേശിക്കുകയുണ്ടായി. മറ്റ് ഗ്രന്ഥങ്ങൾ കൂടാതെ തന്നെ മൽഫൂസാത്തിന്റെ 10 വാള്യങ്ങളുണ്ട്. ഇത് സംക്ഷിപ്തമായിട്ടുള്ള റിപ്പോർട്ടുകളാണ്. വിശദമായിട്ടുള്ളതല്ല. ഇതിൽ ഏത് വാള്യം നിങ്ങൾ എടുക്കുകയാണെങ്കിലും ജമാഅത്തിനെ സംബന്ധിച്ചുള്ള പ്രതീക്ഷകളും, ജമാഅത്തിനോടുള്ള ഉപദേശങ്ങളും, പ്രവർത്തനാവസ്ഥയിലുള്ള പരിവർത്തനത്തെ സംബന്ധിച്ചുള്ള വിഷയങ്ങളും

വിവിധ രീതിയിൽ വിവിധ വീക്ഷണ കോണുകളിലൂടെ അദ്ദേഹം എല്ലായിടത്തും എല്ലാ സദസ്സുകളിലും പരാമർശിക്കുന്നുണ്ട്. അതിൽ നിന്നുള്ള ഏതാനും ചിലത് ഞാനിപ്പോൾ സമർപ്പിക്കുകയാണ്.

ഒരിടത്ത് ആ മഹാത്മാവ് പറയുന്നു: "ജമാഅത്തിന്റെ പരസ്പര ഐക്യത്തെയും സ്നേഹത്തെയും കുറിച്ച് പല തവണ പറഞ്ഞിട്ടുണ്ട്. നിങ്ങൾ പരസ്പരം ഐക്യപ്പെടുക. ഒരുമിച്ച് കൂടുക. നിങ്ങൾക്ക് ഒന്നിച്ചു നിൽക്കുക, അല്ലെങ്കിൽ നശിച്ചു പോകുന്നതാണെന്നാണ് അല്ലാഹു മുസ്ലിംകൾക്ക് നൽകിയ പാഠം. നമസ്കാരത്തിൽ പരസ്പരം ഇഴുകിച്ചേർന്ന് നിൽക്കുന്നതിനുള്ള കല്പനയും പരസ്പരം ഐക്യമുണ്ടാകുന്നതിന് വേണ്ടിയാണ്. മിന്നലിന്റെ ശക്തിയെ പോലെ ഒരാളിലെ നന്മ മറ്റൊരാളിലേക്ക് സംക്രമിപ്പിക്കുക. ഭിന്നതയുണ്ടെങ്കിൽ, ഐക്യമില്ലെങ്കിൽ നിർഭാഗ്യരായിരിക്കും. നബി തിരുമേനി പറയുന്നു: "പരസ്പരം സ്നേഹിക്കുക. പരസ്പരം മറ്റുള്ളവരുടെ അസാന്നിദ്ധ്യത്തിൽ ദുഃആ ചെയ്യുക. (എത്രപേരാണ് പരസപരം മറ്റുള്ളവരുടെ അസാന്നിദ്ധ്യത്തിൽ ദുഃആ ചെയ്യുന്നത് എന്ന് അവലോകനം നടത്തിനോക്കേണ്ടതാണ്.) ഒരു വ്യക്തി മറ്റൊരാളുടെ അസാന്നിദ്ധ്യത്തിൽ അയാൾക്ക് വേണ്ടി ദുഃആ ചെയ്താൽ മലക്കുകൾ പറയും, നിങ്ങൾക്കും അത് ലഭിക്കട്ടെ." ഇത് എത്ര മഹത്തായ കാര്യമാണ്. മനുഷ്യന്റെ ദുഃആ സ്വീകരിക്കപ്പെടുന്നില്ലെങ്കിൽ മലക്കുകളുടേത് സ്വീകരിക്കപ്പെടുന്നതാണ്. പരസ്പരം ഭിന്നിക്കരുതെന്ന് ഞാൻ ഉപദേശിക്കാൻ ആഗ്രഹിക്കുന്നു." "ഞാൻ രണ്ട് കാര്യങ്ങളുമായിട്ടാണ് വന്നിരിക്കുന്നത്. ഒന്ന് അല്ലാഹുവിന്റെ ഏകത്വത്തെ സ്വീകരിക്കുക, രണ്ട് പരസ്പരം സ്നേഹവും സഹാനുഭൂതിയും പ്രകടിപ്പിക്കുക. അന്യർക്ക് ദൃഷ്ടാന്തമാകുന്ന മാതൃക പ്രകടിപ്പിക്കുക. സഹാബാക്കളിൽ ഉണ്ടായ തെളിവ് ഇതായിരുന്നു. كُنتُمْ اَعْدَآءً فَاَلَّفَ بَيْنَ قُلُوْبِكُمْ ഇണക്കിച്ചേർക്കുക എന്നത് ഒരു ബഹുമതിയാകുന്നുവെന്നത് ഓർത്തുകൊള്ളുക. നിങ്ങളിൽ നിന്നോരോരുത്തരും തങ്ങൾക്കായി ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന് വേണ്ടി ഇഷ്ടപ്പെടുന്നില്ലായെങ്കിൽ അവർ എന്റെ ജമാഅത്തിൽ പ്പെട്ടതല്ലെന്ന് ഓർത്തുകൊള്ളുക. അവർ വിപത്തിലും അപകടത്തിലുമാണ്. അവരുടെ പര്യവസാനം നല്ലതായിരിക്കില്ല. പറയുന്നു, ഓർത്തുകൊള്ളുക, വിദ്വേഷം ഇല്ലാതവുക എന്നത് മഹ്ദിയുടെ അടയാളമാകുന്നു. അടയാളം പൂർത്തിയാകില്ലേ? തീർച്ചയായും പൂർത്തിയാകും. നിങ്ങൾ എന്തുകൊണ്ട് ക്ഷമ കൈകൊള്ളുന്നില്ല. ചില രോഗങ്ങളെ പൂർണ്ണമായും തുടച്ചുമാറ്റിയില്ലെങ്കിൽ ആ രോഗം മാറുന്നതല്ല എന്നതാണ് വൈദ്യ ശാസ്ത്രം പറയുന്നത്. എന്റെ അസ്ഥിത്വത്തിൽ നിന്ന് اِنْ شَآءَ اللّٰهُ സദ്വൃത്തരുടെ ഒരു ജമാഅത്ത് ഉണ്ടായിത്തീരുന്നതാണ്. പരസ്പര ശത്രുതയ്ക്ക് കാരണമെന്താണ്? ലുബ്ധ്, അഹംഭാവം, സ്വാർഥത, വികാരങ്ങൾ എന്നിവയാണ്. തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കാൻ കഴിയാത്തവരെയും പരസ്പരം സ്നേഹത്തോടും സാഹോദര്യത്തോടും കഴിയാൻ സാധിക്കാത്തവരെയും ജമാഅത്തിൽ നിന്ന് വേർപ്പെടുത്തുന്നതാണ്. ഉത്തമ മാതൃക പ്രകടിപ്പിക്കാത്തതുവരെ അത്തരക്കാർ ഏതാനും ദിവസത്തേക്കുള്ള അതിഥികൾ മാത്രമാണെന്ന് ഓർത്ത് കൊള്ളുക. ആരെങ്കിലും കാരണമായി ഞാൻ ആക്ഷേപിക്കപ്പെടാൻ ആഗ്രഹിക്കുന്നില്ല. എന്റെ ജമാഅത്തിലായിക്കൊണ്ട് എന്റെ ഇച്ഛക്കനുരൂപമല്ലാത്തവർ ഉണങ്ങിയ ശാഖകളാണ്. അതിനെ തോട്ടക്കാരൻ മുറിക്കാതെ മറ്റെന്ത് ചെയ്യാനാണ്? ഉണങ്ങിയ ശാഖ മറ്റ് പച്ചളിപ്പുള്ള ശാഖയോടൊപ്പം നിന്ന് വെള്ളം വലിച്ചെടുക്കാം, പക്ഷേ അത് പച്ചളിപ്പുള്ളതാകില്ല. മറിച്ച് ആ ശാഖ മറ്റുള്ളതിനെയും നശിപ്പിക്കുന്നു. അതിനാൽ എന്നൊടൊപ്പം ഓടുക. സ്വയം ചികിത്സിക്കാത്തവർ എന്നോടൊപ്പം ഉണ്ടായിരിക്കില്ല."

മുമ്പ് പലപ്പോഴും കേട്ടിട്ടുള്ള ഈ ഉദ്ധരണിയെ "ഏതാനും നാളുകളായി ജമാഅത്തിന്റെ പ്രവർത്തനനിലവാരത്തിന്റെ സമുദ്ധാരണത്തെ കുറിച്ചല്ലാതെ മറ്റൊരു ചിന്തയും എന്നിലില്ല" എന്ന മേൽ ഉദ്ധരണിയുമായി കൂട്ടിവായിക്കുക. അപ്പോൾ ഒരു വിശേഷ ചിന്ത സംജാതമാകുന്നു.

എപ്പോഴാണ് ഒരാൾ സത്യവിശ്വാസി എന്ന് പറയപ്പെടുക എന്നതിനെ സംബന്ധിച്ച് പറയുന്നു: "ഞാൻ തുറന്ന് പറയുകയാണ്. എല്ലാ കാര്യങ്ങളിലും അല്ലാഹുവിന് മുൻഗണന നൽകാത്തതു വരെ, എന്റേത് തന്നെയാണെന്ന് ഹൃദയത്തിൽ കടന്ന് നോക്കാൻ കഴിയാത്തതു വരെ ഒരാൾ സത്യവിശ്വാസി എന്ന് പറയപ്പെടുന്നതല്ല. അങ്ങനെയുള്ള വ്യക്തി പൊതുജനങ്ങളുടെ മുന്നിൽ മുസ്‌ലിമോ വിശ്വാസിയോ ആയിരിക്കാം. തോട്ടിപ്പണിക്കാരനെ പോലും നമസ്കാരക്കാരനെന്നോ വിശ്വാസിയെന്നോ പറയുന്നതു പോലെ. اَسْلَمَ وَجْهَهٗ എന്നതിനെ സാക്ഷാത്കരിക്കുന്നവനാണ് മുസ്‌ലിം. وَجْهٌ എന്ന് മുഖത്തെയാണ് പറയുന്നത്. എന്നാൽ ഇത് അസ്ഥിത്വത്തെയും വ്യക്തിത്വവും സൂചിപ്പിക്കുന്നു. എല്ലാ കഴിവുകളും അല്ലാഹുവിന്റെ സവിധത്തിൽ സമർപ്പിക്കുമ്പോഴാണ് മുസ്‌ലിം എന്ന് പറയാൻ അർഹനായിത്തീരുന്നത്. എനിക്കോർമ്മവരുന്നു, ഒരു മുസ്‌ലിം ഒരു യഹൂദിയെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്ന മുസ്‌ലിം സ്വയം ദുഷ്ക്കർമങ്ങളിലും അപരാധങ്ങളിലും മുഴുകിയവനായിരുന്നു. യഹൂദി ആ ദുഷ്ക്കർമിയായ മുസ്‌ലിമിനോട് പറഞ്ഞു: "നീ ആദ്യം സ്വയം തന്നെ നോക്കുക. മുസ്‌ലിം എന്ന് വിളിക്കപ്പെടുന്നു എന്നതിൽ അഹങ്കരിക്കുന്നത്. അല്ലാഹു ഇസ്‌ലാമിന്റെ അന്തസത്തയാണ് ആഗ്രഹിക്കുന്നത്. പേരോ വാക്കോ അല്ല."

വീണ്ടും അദ്ദേഹം പറയുന്നു: "പ്രവർത്തനം ഇല്ലാത്തതു വരെ കേവലം വാക്കുകളോ സംസാരമോ പ്രയോജനപ്പെടുന്നതല്ല. വെറും വാക്കുകൾക്ക് അല്ലാഹുവിന്റെ പക്കൽ യാതൊരു സ്ഥാനവുമില്ല. അല്ലാഹു പറയുന്നു,

كَبُرَ مَقْتًا عِنْدَ اللّٰهِ اَنْ تَقُوْلُوْا مَا لَا تَفْعَلُوْنَ

ഇസ്‌ലാമിനെ സേവിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യം സ്വയം ഭയഭക്തിയും പരിശുദ്ധിയും കൈവരിക്കുക.

صَابِرُوْا وَرَابِطُوْا ആലെ ഇംറാനിലെ ആയത്താണിത്. ശത്രുക്കൾക്കെതിരിൽ അവർ അതിർത്തി ലംഘിക്കാതിരിക്കാൻ അതിർത്തിയിൽ കുതിരയെ കെട്ടേണ്ടത് അനിവാര്യമായത് പോലെ ശത്രുക്കൾ അതിർത്തി ലംഘിച്ചുകൊണ്ട് ഇസ്‌ലാമിന് നഷ്ടം വരുത്താതിരിക്കുന്നതിനായി നിങ്ങളും സന്നദ്ധരായിരിക്കുക.

അഥവാ നിങ്ങൾ ഇസ്‌ലാമിനെ സഹായിക്കാനും സേവിക്കാനുമാഗ്രഹിക്കുന്നുവെങ്കിൽ ആദ്യം നിങ്ങൾ സ്വയം ഭയഭക്തിയും പരിശുദ്ധിയും കരസ്ഥമാക്കുക എന്ന് ഞാൻ മുമ്പും പറഞ്ഞിരുന്നു. അതിലൂടെ നിങ്ങൾ സ്വയം അല്ലാഹുവിന്റെ അഭയത്തിന്റെ കോട്ടയിൽ പ്രവേശിക്കുന്നതാണ്. ശേഷം നിങ്ങൾക്ക് സേവനത്തിനുള്ള സൗഭാഗ്യവും അർഹതയും ലഭിക്കുന്നതാണ്. മുസ്‌ലിംകളുടെ പ്രത്യക്ഷ ശക്തി എത്രത്തോളം ദുർബലമായിരിക്കുന്നുവെന്ന് നിങ്ങൾ കാണുന്നില്ലേ? സമുദായങ്ങൾ അവരെ വിദ്വേഷത്തിന്റെയും നിന്ദ്യതയുടേയും ദൃഷ്ടികളിലൂടെയാണ് വീക്ഷിക്കുന്നത്. ഇന്ന് മുമ്പത്തേക്കാൾ അവസ്ഥ പരിതാപകരമാണെന്ന് നാം കാണുന്നു.

പറയുന്നു: ''അഥവാ നിങ്ങളുടെ ആന്തരിക ശക്തിയും, മനക്കരുത്തും ദുർബലവും ബലഹീനവുമായിത്തീരുകയാണെങ്കിൽ പിന്നെ എല്ലാത്തിന്റെയും അവസാനമാണെന്ന് കരുതുക. പരിശുദ്ധ ശക്തി പ്രവേശിക്കുന്ന തരത്തിൽ തങ്ങളുടെ ആത്മാവിനെ ശുദ്ധീകരിച്ച് അവയെ അതിർത്തി കാക്കുന്ന കുതിരകളെപ്പോലെ ശക്തവും സുരക്ഷിതവുമാക്കി മാറ്റുക. അല്ലാഹുവിന്റെ അനുഗ്രഹം എപ്പോഴും ഭക്തരുടേയും സദ്‌വൃത്തരുടേയും കൂടെയാണുണ്ടായിരിക്കുക. തങ്ങളുടെ ജീവിത രീതിയും ഇസ്‌ലാമിന് കളങ്കമുണ്ടാക്കുന്ന തരത്തിലുള്ളതാകരുത്. ദുഷ്കർമികളും ഇസ്‌ലാമിക അദ്ധ്യാപനത്തെ പ്രാവർത്തികമാക്കാത്ത മുസ്‌ലിംകളും കാരണം ഇസ്‌ലാം കളങ്കപ്പെടുന്നു. ഒരു മുസ്‌ലിം മദ്യപിച്ച് അവിടെയും ഇവിടെയും ഛർദ്ദിച്ച് നടക്കുന്നു, തലപ്പാവ് കഴുത്തിലായിരിക്കും, തോടുകളിലും മലിന ചാലുകളിലും വീണുകിടക്കുന്നു, പോലീസിന്റെ തല്ലുകൊള്ളുന്നു, ഹിന്ദുക്കളും ക്രിസ്തീയരും അവരെ പരിഹസിക്കുന്നു. അവന്റെ അത്തരത്തിലുള്ള ശരീഅത്തിന് വിരുദ്ധമായ പ്രവർത്തനം അവനെ മാത്രമല്ല പരിഹാസ പാത്രമാക്കുന്നത്, മറിച്ച് അപ്രത്യക്ഷമായി അതിന്റെ പ്രഭാവം ഇസ്‌ലാമിലും പതിക്കുന്നു. എനിക്ക് അത്തരത്തിലുള്ള വാർത്തകളും തടവറകളിലെ റിപ്പോർട്ടുകളും വായിക്കുമ്പോൾ വളരെ വിഷമം ഉണ്ടാകുന്നു. ദുഷ്‌ക്കർമികൾ കാരണത്താൽ ഇത്രത്തോളം മുസ്‌ലിംകൾ ശിക്ഷാർഹരായി മാറുന്നത് കാണുമ്പോൾ മനസ്സ് അസ്വസ്ഥമാകുന്നു. കാരണം നേർവഴി അറിയാവുന്ന ഇവരുടെ ദുഷ്‌ക്കർമങ്ങൾ അവർക്ക് നഷ്ടം വരുത്തിവെക്കുക മാത്രമല്ല മറിച്ച്, ഇസ്‌ലാമിനെയും പരിഹാസപാത്രമാക്കുന്നു. മുസ്‌ലിംകൾ മുസ്‌ലിം എന്ന് പറയപ്പെട്ടുകൊണ്ട് അവർക്ക് മാത്രമല്ല, മറിച്ച് ഇസ്‌ലാമിനെയും സംശയത്തിലകപ്പെടുത്തുന്നതിന് കാരണമായ നിഷിദ്ധകാര്യങ്ങളിലും വിരോധിക്കപ്പെട്ട കാര്യങ്ങളിലും മുഴുകുന്നു എന്നതാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. അതിനാൽ നിഷേധികൾക്ക് പോലും നിങ്ങളുടെ മേൽ (അത് യഥാർത്ഥത്തിൽ ഇസ്‌ലാമിന് മേലാണ്) ആക്ഷേപം ഉന്നയിക്കുന്നതിനുള്ള അവസരം ലഭിക്കാത്ത തരത്തിലുള്ള ജീവിതരീതിയും പെരുമാറ്റവും സ്വായത്തമാക്കുക.

ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ആക്ഷേപങ്ങൾ അത്തരത്തിലുള്ളതാണ്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനം ഇതാണെങ്കിൽ മുസ്‌ലിംകൾ എന്ത്കൊണ്ട് അത് പ്രാവർത്തികമാക്കുന്നില്ല. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് തങ്ങളുടെ അവസ്ഥകളിൽ പരിവർത്തനം ഉണ്ടാക്കി കൊണ്ട് ഈ അവസ്ഥകളെ ദുരീകരിക്കേണ്ടത്. അതിനായി പൂർണമായും പരിശ്രമിക്കേണ്ടതാണ്.

കൃതജ്ഞതയെ സംബന്ധിച്ച് അദ്ദേഹം പറയുന്നു: ''കൃതജ്ഞത കാണിക്കണമെങ്കിൽ ഭയഭക്തിയും പരിശുദ്ധിയും കരസ്ഥമാക്കേണ്ടതുണ്ട്. നിങ്ങളുടെ യഥാർഥ കൃതജ്ഞത ഭയഭക്തിയും പരിശുദ്ധിയുമാണ്. മുസ്‌ലിംകളോട് ചോദിച്ചാൽ اَلْحَمْدُلِلّٰہ എന്ന് പറയുന്നത് ശരിയായ കൃതജ്ഞതയല്ല. ചോദിച്ചാൽ اَلْحَمْدُلِلّٰہ ഞങ്ങൾ മുസ്‌ലിമാണ് എന്ന് പറയുന്നത് കൃതജ്ഞതയല്ല. അഥവാ നിങ്ങൾ യഥാർത്ഥ ഭയഭക്തിയുടെയും പരിശുദ്ധിയുടെയും മാർഗം കരസ്ഥമാക്കിയാൽ ഞാൻ നിങ്ങൾക്ക് സുവാർത്ത നൽകിക്കൊണ്ട് പറയുന്നു, നിങ്ങൾ അതിർത്തിയിലാണ് നിൽക്കുന്നത്. ആർക്കും നിങ്ങളെ പരാജയപ്പെടുത്താൻ കഴിയില്ല. എനിക്കോർമയുണ്ട് വിദ്വേഷിയായ ജഗന്നാഥ് എന്നു പേരുള്ള ഒരു ഹിന്ദു പറയുന്നു, അമൃത്സറിലോ മറ്റെവിടെയോ ഒരു ബന്ധു ഉണ്ടായിരുന്നു. അവിടെ ഒരു ഹിന്ദു മുസ്‌ലിമായികൊണ്ട് രഹസ്യമായി നമസ്കരിക്കാറുണ്ടായിരുന്നു. പരസ്യപ്പെടുത്താതെ നമസ്കാരങ്ങളെല്ലാം അനുഷ്ഠിച്ചിരുന്നു. പ്രത്യക്ഷത്തിൽ ഹിന്ദുവായിരുന്നു. ഞങ്ങളെല്ലാവരും ചേർന്ന് ഒരു തീരുമാനമെടുത്തു. അദ്ദേഹത്തെ നിശ്ചയമായും പിരിച്ചു വിടുന്നതാണ്. ജോലിയിൽ നിന്ന് ഒഴിവാക്കുന്നതാണ്. ഇതായിരുന്നു മനസിൽ. പലതവണ ഓഫീസർമാരുടെ മുന്നിൽ അത് ചെയ്തു, ഇത് ചെയ്തു എന്നും പറഞ്ഞ് അദ്ദേഹത്തിന്റെ പരാതി ബോധിപ്പിക്കുമായിരുന്നു. എന്നാൽ അതിനൊരു പ്രതിക്രിയയും ഉണ്ടാകുമായിരുന്നില്ല. ഓഫീസർമാർ യാതൊരു ശ്രദ്ധയും നൽകിയിരുന്നില്ല. അദ്ദേഹത്തെ എങ്ങിനെയും ജോലിയിൽ നിന്നൊഴിവാക്കണമെന്ന് ഞങ്ങൾ തീരുമാനിച്ചിരുന്നു.

ഈ തീരുമാനം നടപ്പിലാക്കുന്നതിനായി ധാരാളം ആരോപണങ്ങളും സ്വരുക്കൂട്ടിയിരുന്നു. ആ ആരോപണങ്ങളെ ഞാൻ സമയാസമയങ്ങളിൽ അധികാരിക്ക് മുന്നിൽ അവതരിപ്പിക്കുമായിരുന്നു. ഓഫീസർ ചിലപ്പോൾ വളരെ കോപത്തോടുകൂടി അദ്ദേഹത്തെ വിളിപ്പിച്ചാൽ തന്നെയും അദ്ദേഹത്തെ കാണുമ്പോൾ ഓഫീസറുടെ കോപം തീയിൽ വെള്ളം ഒഴിച്ചതുപോലെ തണുത്തു പോകുമായിരുന്നു. അദ്ദേഹത്തിൽ നിന്ന് യാതൊരു തെറ്റും സംഭവിക്കാത്ത പോലെ വളരെ എളിമയോട് കൂടി അദ്ദേഹത്തോട് അഭ്യർത്ഥിക്കുമായിരുന്നു. ഭയഭക്തിയുണ്ടെങ്കിൽ, അല്ലാഹുവുമായി ബന്ധമുണ്ടെങ്കിൽ പിന്നെ ആർക്കും ഒരു നഷ്ടവും വരുത്തിവെക്കാൻ സാധിക്കുന്നതല്ല. ഒരു പരിശ്രമത്തിനും നഷ്ടം ഉണ്ടാക്കാൻ സാധിക്കില്ല.''

വീണ്ടും അദ്ദേഹം പറയുന്നു: ''എല്ലാ കാര്യങ്ങളിലും ഗുണം ഉണ്ടെന്നത് ഓർക്കേണ്ടതാണ്. ലോകത്തേക്ക് നോക്കുക, ഉന്നത നിലവാരത്തിലുള്ള ചെടികൾ മുതൽ കീടങ്ങളും എലികളും വരെ മനുഷ്യന് പ്രയോജനകാരികളാണ്. ആകാശീയമോ ഭൗമികമോ ആയ ഈ എല്ലാ വസ്തുക്കളും തന്നെ അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളുടെ പ്രകടനമാണ്. സവിശേഷ ഗുണങ്ങളിൽ ഗുണം മാത്രമാണ് ഉള്ളതെങ്കിൽ അസ്ഥിത്വത്തിൽ നിന്ന് എത്രമാത്രം ലാഭമാണ് ലഭിക്കുക. അതായത് അല്ലാഹുവിന്റെ അസ്ഥിത്വവുമായി

ബന്ധം സ്ഥാപിക്കുകയാണെങ്കിൽ എത്രമാത്രം പ്രയോജന മാണ് ഉണ്ടാവുക. ഇവിടെ നാം ഓർക്കേണ്ടത്, ഈ വസ്തു ക്കളിൽ നിന്ന് എപ്പോഴെങ്കിലും നമുക്ക് നഷ്ടം ഉണ്ടാകു ന്നുവെങ്കിൽ അത് നമ്മുടെ തന്നെ തെറ്റും അറിവില്ലായ്മയും കൊണ്ടായിരിക്കും. ഈ വസ്തുക്കളുടെ അടിസ്ഥാനത്തിൽ ദോഷം വെച്ചതുകൊണ്ടല്ല അത് സംഭവിക്കുന്നത്. മറിച്ച് സ്വന്തം തെറ്റും അജ്ഞതയും കൊണ്ടാണ് നഷ്ടം സംഭവി ക്കുന്നത്. അപ്രകാരം തന്നെ അല്ലാഹുവിന്റെ ചില സവിശേ ഷ ഗുണത്തെ പറ്റിയുള്ള അജ്ഞത നിമിത്തം പ്രയാസ ത്തിലും വിഷമത്തിലും അകപ്പെടുന്നു. അല്ലാഹു അനുഗ്രഹ ദാതാവും കാരുണ്യ വാരിധിയുമാകുന്നു. ലോകത്ത് പ്രയാസവും ദുഃഖവും അനുഭവിക്കുന്നതിന്റെ കാരണം നാം നമ്മുടെ കൈകളാൽ അറിവില്ലായ്മ പ്രവർത്തിക്കുന്നു എന്നതാണ്. എന്ത്കൊണ്ട് വിപത്തുകൾ വന്നുകൊണ്ടി രിക്കുന്നു എന്ന് ചിലർ ചോദിച്ചു കൊണ്ടിരിക്കാറുണ്ട്, നമ്മുടെ സ്വന്തം തെറ്റ് കൊണ്ടാണ് വിപത്ത് ഉണ്ടാകുന്നത്.

ചുരുക്കത്തിൽ ഈ സവിശേഷഗുണങ്ങളുടെ കണ്ണുകൾ കൊണ്ടാണ് നാം അല്ലാഹുവിനെ കാരുണ്യവാനും ഔദാര്യവാനും സങ്കല്പത്തിനതീതമായി ഗുണകാരിയു മായി കാണുന്നത്. ഈ സവിശേഷ ഗുണങ്ങളുടെ കണ്ണു കൊണ്ട് നോക്കുകയാണെങ്കിൽ അല്ലാഹുവിനെ നമുക്ക് ഔദാര്യവാനും മഹത്വമുടയവനുമായി കാണാവുന്നതാണ്. അതിലൂടെ ഗുണവും ലഭിക്കുന്നു.''

പറയുന്നു: ''ഈ പ്രയോജനം ഏറ്റവും കൂടുതൽ ലഭിക്കു ന്നത് അവനുമായി ഏറ്റവും കൂടുതൽ സാമീപ്യം കരസ്ഥ മാക്കുന്നവർക്കാണ്. മുത്തഖി എന്ന് വിളിക്കപ്പെടുന്നവർക്കു മാത്രമാണ് ഈ പദവി ലഭിക്കുന്നത്. അല്ലാഹുവിന്റെ സമീപ ത്ത് സ്ഥാനം ലഭിക്കുന്നു. അല്ലാഹുവിന്റെ സാമീപ്യം കൂടുതൽ കരസ്ഥമാക്കുന്നതിനനുസരിച്ച് ഒരു സന്മാർഗ പ്രകാശം അവർക്ക് ലഭിക്കുന്നു. അതവരുടെ ബുദ്ധിയിലും അറിവിലും ഒരു പ്രത്യേക തെളിച്ചമുണ്ടാകുന്നു. അകന്നുകൊണ്ടിരിക്കുന്നത്ര നശിപ്പിക്കുന്ന ഒരു അന്ധകാരം അവന്റെ മനസ്സിൽ കടന്നു കൂടുന്നു. അവസാനം അവൻ صُمٌّ بُكْمٌ عُمْيٌ فَهُمْ لَا يَرْجِعُوْنَ എന്നതിന്റെ സാക്ഷ്യപത്ര മായികൊണ്ട് നിന്ദ്യനും നാശമടഞ്ഞവനുമായി മാറുന്നു. അതിന് വിപരീതമായി വെളിച്ചത്താൽ നിറക്കപ്പെട്ടവർ ഉന്നത നിലവാരത്തിലുള്ള സംതൃപ്തിയും ആദരവും കരസ്ഥമാക്കുന്നു. അല്ലാഹു സ്വയം പറയുന്നു,

يٰٓاَيَّتُهَاالنَّفْسُ الْمُطْمَئِنَّةُ ارْجِعِىٓ اِلٰى رَبِّكِ رَاضِيَةً مَّرْضِيَّةً

അതായത് അല്ലയോ ശാന്തി പ്രാപിച്ച ആത്മാവേ, ഈ സംതൃപ്തി അല്ലാഹുവിന്റെ പക്കൽ നിന്നാണ് ലഭിച്ചത്.

ചിലർ ഭരണകൂടത്തിൽ നിന്ന് പ്രത്യക്ഷത്തിൽ സംതൃപ്തി യും ആനന്ദവും കരസ്ഥമാക്കുന്നു. ചിലരുടെ സംതൃപ്തിക്കും സമാധാനത്തിനും കാരണം അവരുടെ സമ്പത്തും ആദരവു മാകുന്നു. ചിലർ തങ്ങളുടെ സുന്ദരവും, ബുദ്ധിശാലികളുമായ സന്താനങ്ങളെയും തലമുറയെയും കണ്ട് കൊണ്ട് പ്രത്യക്ഷ ത്തിൽ സംതൃപ്തരെന്ന് പറയപ്പെടുന്നു. സ്വന്തം സന്താനങ്ങ ളെയും, സഹായികളെയും, സേവകരേയും കണ്ടുകൊണ്ട് ഞങ്ങൾ സംതൃപ്തരാണെന്ന് പറയുന്നു. എന്നാൽ വിവിധങ്ങളായ ആനന്ദങ്ങളുടെ ഈ ലോകത്തിന് മനുഷ്യന് യഥാർത്ഥ സംതൃപ്തിയും മനസ്സമാധാനവും നൽകാൻ സാധ്യമല്ല. മറിച്ച് ഒരു തരത്തിലുള്ള അശുദ്ധ അത്യാഗ്രഹം ജനിപ്പിച്ച് ദാഹത്തെ വർദ്ധിപ്പിക്കുന്നു. ദാഹരോഗിയെ പോലെ അവരുടെ ദാഹം ഒരിക്കലും ശമിക്കില്ല. അവസാനം അവർ നശിക്കുന്നു. ഭൗതികർ ഭൗതിക ലോകത്തിന് പിന്നി ലാണ് കൂടുക. എന്നാൽ ഇവിടെ അല്ലാഹു പറയുന്നത്, തന്റെ സംതൃപ്തി അല്ലാഹുവിൽ നിന്ന് കരസ്ഥമാക്കിയ ആത്മാവ് എന്നാണ്. ഈ പദവി മനുഷ്യന് സാധ്യമായതാണ്.

അന്നേരം അവന്റെ സംതൃപ്തി സമ്പത്തും സ്വന്തം ഭൗതിക പ്രതാപവും എല്ലാം ഉണ്ടായിട്ട് പോലും അല്ലാഹുവിൽ മാത്രമാകുന്നു. ഈ പവിഴങ്ങളും രത്നങ്ങളും ഈ ലോകവും അതിലെ വ്യവഹാരങ്ങളും അവന്റെ യഥാർത്ഥ സംതൃ പ്തിക്ക് കാരണമാകുന്നില്ല. ചുരുക്കത്തിൽ മനുഷ്യൻ അല്ലാഹുവിൽ തന്നെ സംതൃപ്തിയും സമാധാനവും കണ്ടെത്താത്തതു വരെ മോക്ഷം പ്രാപിക്കുന്നതല്ല. കാരണം മോക്ഷം സംതൃപ്തിയുടെ മറ്റൊരു പേരാണ്.''

പിന്നീട് ശാന്തി പ്രാപിച്ച ആത്മാവില്ലാതെ മനുഷ്യന് മോക്ഷം കരസ്ഥമാക്കാൻ സാധിക്കില്ല എന്നതിനെ സംബന്ധിച്ച് പറയുന്നു: ''ഞാൻ ചില ആളുകളെ കണ്ടിട്ടുണ്ട്. പലരുടെയും അവസ്ഥകൾ വായിച്ചിട്ടുണ്ട്. അവർക്ക് സമ്പത്തും ധനവും ഭൗതിക വ്യാജ അനുഭൂതികളും സർവ അനുഗ്രഹങ്ങളും സന്താനങ്ങളും സഹായികളും ഉണ്ടായി രിക്കും. എന്നാൽ മരിക്കാറാവുമ്പോൾ ഈ ലോകത്തേയും അതോടൊപ്പം പ്രസ്തുത വസ്തുക്കളേയും ഉപേക്ഷിച്ചു മറ്റൊരു ലോകത്തേക്ക് പൊകേണ്ട വിവരം ലഭിക്കുമ്പോൾ നിരാശജനകവും വ്യർഥവുമായ ആഗ്രഹങ്ങളുടെ അഗ്നി ജ്വലിക്കാൻ തുടങ്ങുന്നു. ഇതു ഒരു നരകമാകുന്നു. അതിന് മനുഷ്യ മനസുകൾക്ക് സമാധാനവും സ്വസ്ഥതയും നൽകാൻ സാധിക്കില്ല. മറിച്ച് അതിനെ പരിഭ്രമത്തിന്റെയും അസ്വസ്ഥ തയുടെയും അവസ്ഥയിൽ വിടുന്നു. അതിനാൽ എന്റെ സുഹൃത്തുക്കളുടെ ദൃഷ്ടിയിൽ നിന്ന് ഒരു കാര്യം ഒരിക്കലും മറഞ്ഞിരിക്കരുത്. അധിക സമയവും മനുഷ്യൻ കുടുംബ ത്തോടും സമ്പാദ്യത്തോടുമുള്ള സ്നേഹത്തിൽ, അനുചി തവും വ്യർഥവുമായ സ്നേഹത്തിൽ മുഴുകുന്നു. ഉചിതമായ പരിധിയിൽ നിന്ന് ഈ സ്നേഹം ഉണ്ടാകാവുന്നതാണ്. അധികം സമയവും ആ സ്നേഹത്തിലും അനുരക്തിയിലും ലഹരിയിലും കഴിഞ്ഞു കൂടി അവൻ തന്നിലും അല്ലാഹു വിലും ഒരു മറ ഉണ്ടാക്കിത്തീർക്കുകയും അവനായി ഒരു നരകാഗ്നി തയ്യാറാക്കുകയും ചെയ്യുന്ന തരത്തിലുള്ള അനുവദനീയമല്ലാത്ത കാര്യങ്ങൾ ചെയ്യുന്നു. അവൻ അതിനെ കുറിച്ച് ബോധവാനായിരിക്കില്ല. അവയിൽ നിന്നെല്ലാം അവനെ പെട്ടെന്ന് വേർപ്പെടുത്തിക്കളയുന്ന സമയത്തെ കുറിച്ച് അവന് അറിവുണ്ടാകില്ല. അപ്പോൾ അവൻ വലിയ അസ്വസ്ഥതയിൽ അകപ്പെടുന്നു. ഇത് വളരെ എളുപ്പ ത്തിൽ മനസ്സിലാക്കാവുന്നതാണ്. സ്നേഹിക്കുന്ന ഒരു വസ്തുവിൽ നിന്ന് അകലുമ്പോൾ ഒരു ദുഖവും വിഷമവും ഉണ്ടാകുന്നു. ഇപ്പോൾ ഇത് ലിഖിതങ്ങളിലൂടെ മാത്രമല്ല യുക്തിപരമായും കാണാൻ സാധിക്കും. അല്ലാഹു പറയുന്നു, نَارُاللّٰهِ الْمُوْقَدَةُ الَّتِىْ تَطَّلِعُ عَلَى الْاَفْئِدَةِ അത് മനുഷ്യ ഹൃദയങ്ങളെ കത്തിച്ച് ചാമ്പലാക്കിക്കളയുന്ന ദൈവേതരങ്ങ ളുടെ സ്നേഹത്തിന്റെ അഗ്നിയാകുന്നു. അത് ഒരു വിചിത്രമായ ശിക്ഷയിലും വേദനയിലും അകപ്പെടുത്തുന്നു.

സംതൃപ്തി കരസ്ഥമാക്കിയ ആത്മാവില്ലാതെ മനുഷ്യന് മോക്ഷം കരസ്ഥമാക്കാൻ സാധിക്കില്ല എന്ന് ഞാൻ വീണ്ടും പറയുകയാണ്. ഇത് സത്യവും ദൃഢവുമായ കാര്യമാണ്.''

പിന്നീട് ജമാഅത്തിന് ഉപദേശം നൽകിക്കൊണ്ട് പറയുന്നു: ''അല്ലാഹു സദ്‌വൃത്തരെയല്ലാതെ ആരെയും വകവെക്കുന്നതല്ല. പരസ്പരം സാഹോദര്യവും സ്നേഹവും വളർത്തിയെടുക്കുക. മൃഗീയതയും ഭിന്നതയും ഉപേക്ഷിക്കുക. എല്ലാ വിധത്തിലുള്ള അത്യാഗ്രഹങ്ങളിൽ നിന്നും പരിഹാസ്യങ്ങളിൽ നിന്നും ഒഴിഞ്ഞ് നിൽക്കുക. കാരണം പരിഹാസം മനുഷ്യ ഹൃദയത്തെ സത്യത്തിൽ നിന്നും എവിടേക്കോ അകറ്റിക്കളയുന്നു. പരസ്പരം ആദരിക്കുക. ഓരോരുത്തരും തന്റെ സുഖത്തിനുമേൽ തന്റെ സഹോദരന്റെ സുഖത്തിന് മുൻഗണന നൽകുക. അല്ലാഹുമായി ഒരു സത്യ ഉടമ്പടി ഉണ്ടാക്കുക. അവന്റെ അനുസരണത്തിലേക്ക് മടങ്ങി വരിക.

അല്ലാഹുവിന്റെ കോപം ഭൂമിയിൽ പതിച്ചു കൊണ്ടിരിക്കുകയാണ്. പൂർണ്ണമായും തെറ്റുകളിൽ നിന്ന് പശ്ചാത്തപിച്ചു കൊണ്ട് അവന്റെ സന്നിദ്ധിയിൽ ഹാജറാകുന്നവരാണ് അതിൽ നിന്നും സമ്പൂർണ രക്ഷ നേടുന്നവർ. അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ സ്വായത്തമാക്കുകയാണെങ്കിൽ, ദീനിന്റെ കാര്യങ്ങളിൽ പരിശ്രമിക്കുകയാണെങ്കിൽ അല്ലാഹു എല്ലാ തടസ്സങ്ങളെയും ദുരീകരിക്കുന്നതാണ്. അങ്ങനെ നിങ്ങൾ വിജയികളാകുന്നതാണ്. കൃഷിക്കാരൻ കൃഷിയിടത്തിൽ നിന്ന് ഉത്തമ ചെടികൾക്കുവേണ്ടി പാഴ് വസ്തുക്കളെ പിഴുതെറിയുന്നതും, തന്റെ കൃഷിയിടത്തെ മനോഹരങ്ങളായ ചെടികളും ഗുണകാരിയായ വൃക്ഷങ്ങളും കൊണ്ട് മോടി പിടിപ്പിക്കുന്നതും, അതിനെ എല്ലാ നാശങ്ങളിൽ നിന്നും രക്ഷിക്കുന്നതും നിങ്ങൾ കാണുന്നില്ലേ? ഫലം നൽകാത്തതും ഉണങ്ങുന്നതുമായ ചെടികളെയും വൃക്ഷങ്ങളേയും ഉടമസ്ഥൻ പരിഗണിക്കുന്നതല്ല. അവയെ ഏതെങ്കിലും മൃഗം വന്ന് തിന്നുകയോ മരം വെട്ടുകാരൻ അതിനെ മുറിച്ച് അടുപ്പിലിടുകയോ ചെയ്യുന്നതിനെ പരിഗണിക്കില്ല.

അതിനാൽ നിങ്ങൾ ഓർത്തുകൊള്ളുക. നിങ്ങൾ അല്ലാഹുവിന്റെ സവിധത്തിൽ സത്യസന്ധരായിത്തീർന്നാൽ ഒരു ശത്രുതയ്ക്കും നിങ്ങളെ ഒന്നുംചെയ്യാൻ കഴിയില്ല. നിങ്ങൾ നിങ്ങളുടെ അവസ്ഥയെ ശരിയാക്കുന്നില്ലായെങ്കിൽ, അല്ലാഹുവുമായി അനുസരണത്തിന്റെ ഒരു ഉത്തമ ഉടമ്പടി ഉണ്ടാക്കുന്നില്ലായെങ്കിൽ പിന്നെ അല്ലാഹു ആരെയും പരിഗണിക്കുന്നതല്ല. ആയിരക്കണക്കിന് ആടുമാടുകൾ നിത്യവും അറുക്കപ്പെടുന്നു. ആരും അതിൽ സഹതപിക്കുന്നില്ല. ഒരു മനുഷ്യൻ കൊല്ലപ്പെടുകയാണെങ്കിൽ എത്ര ചോദ്യങ്ങളാണ് ഉണ്ടാകുക. അഥവാ നിങ്ങൾ സ്വയം തങ്ങളെ അവിശ്വാസിയും, അലസരും, ഒന്നിനും ഉപകരിക്കാത്തവരും ആക്കിത്തീർക്കുകയാണെങ്കിൽ നിങ്ങളുടെയും അവസ്ഥ ഇങ്ങനെ തന്നെയായിരിക്കും. ഒരു വിപത്തിനും നിങ്ങളെ ആക്രമിക്കാൻ ധൈര്യമില്ലാതാകുന്നതിനു വേണ്ടി നിങ്ങൾ അല്ലാഹുവിന്റെ പ്രിയരിൽ ഉൾപ്പെടുക. കാരണം ഒരു കാര്യവും തന്നെ അല്ലാഹുവിന്റെ അനുമതിയില്ലാതെ ഭൂമിയിൽ അരങ്ങേറുന്നില്ല. പരസ്പരമുള്ള എല്ലാ കലഹങ്ങളും ആവേശങ്ങളും ശത്രുതയും ഇല്ലാതാക്കുക. നിസാര കാര്യങ്ങളിൽ നിന്ന് മുഖം തിരിച്ച് കൊണ്ട് സുപ്രധാനവും മഹത്തരവുമായ കാര്യങ്ങളിൽ മുഴുകുക. നിങ്ങൾ ഉപദേശമായി ഓർത്തുവെക്കുക. ഒരിക്കലും നിങ്ങൾ നിർബന്ധിച്ച് കാര്യങ്ങൾ ചെയ്യിക്കരുത്. എപ്പോഴും സൗമ്യമായി മനസ്സിലാക്കി കൊടുക്കുക. ആവേശത്തെ ഇല്ലാതാക്കുക.''

വീണ്ടും ആ മഹാത്മാവ് പറയുന്നു: ''സാഹോദര്യത്തിന്റെ കടമകളെ ഒരിക്കലും കൈവിടരുത്. അല്ലെങ്കിൽ അല്ലാഹുവിനോടുള്ള കടമകളും നിലനിൽക്കുന്നതല്ലെന്നത് ഓർക്കുക. اِنَّ اللّٰهَ لَا يُغَيِّرُ مَا بِقَوۡمٍ حَتّٰى يُغَيِّرُوۡا مَا بِاَنۡفُسِهِمۡ എന്നാണ് എന്നൊട് പറയപ്പെട്ടത്. ജനങ്ങൾ ഹൃദയങ്ങളിൽ പരിവർത്തനം ഉണ്ടാക്കാത്തിടത്തോളം അല്ലാഹു ഒരു സമുദായത്തെയും മാറ്റുന്നതല്ല. ഇതിനെ മനസിലാക്കുക. എല്ലാവരും മറുപടി പറയാൻ തയ്യാറാകുന്നു. ഞങ്ങൾ നമസ്കരിക്കുന്നു. ഇസ്തിഗ്ഫാർ ചെയ്യുന്നു, എന്നിട്ടും എന്ത്കൊണ്ട് വിപത്തുകളും പ്രശ്നങ്ങളും ഉണ്ടാകുന്നു? യഥാർഥത്തിൽ അല്ലാഹുവിന്റെ വാക്കുകളെ മനസ്സിലാക്കുന്നവനാണ് ഭാഗ്യവാൻ. അല്ലാഹുവിന്റെ ഇഛ്ച മറ്റൊന്നായിരിക്കും. മനസ്സിലാക്കുന്നത് മറ്റൊന്നായിരിക്കും. സ്വന്തം ബുദ്ധിയും കർമവും ഉപയോഗിച്ച് അതിനെ അളക്കുന്നു. ഇത് ശരിയല്ല. നിശ്ചിത അളവിൽ കുറവ് ഉപയോഗിക്കപ്പെടുന്ന വസ്തുക്കളിൽ നിന്ന് അതിന്റെ ശരിയായ അളവിൽ പ്രയോജനം ലഭിക്കില്ല. ഒരു മരുന്ന് വേണ്ട അളവിൽ ഉപയോഗിക്കുന്നില്ലായെങ്കിൽ അത്കൊണ്ട് എന്ത് പ്രയോജനമാണ് ലഭിക്കുക. റൊട്ടിക്ക് പകരം ഒരു ധാന്യമാണ് ഭക്ഷിക്കുന്നതെങ്കിൽ അത്കൊണ്ട് വിശപ്പ് മാറുമോ? വെള്ളം നിറച്ച കപ്പിനു പകരം ഒരു തുള്ളി വെള്ളം കൊണ്ട് ദാഹം ശമിക്കുമോ? ഒരിക്കലുമില്ല. ഇതേ അവസ്ഥ തന്നെയാണ് കർമങ്ങളുടെയും. അഥവാ അതിന്റെ അളവനുസരിച്ചില്ലായെങ്കിൽ അത് ലക്ഷ്യത്തിലെത്തുന്നതല്ല. ഇത് അല്ലാഹുവിന്റെ സുന്നത്താണ്. അത് മാറ്റപ്പെടുന്നതല്ല.

തന്റെ സഹോദരനോട് സഹാനുഭൂതി കാണിക്കുന്നത് ദാന ധർമങ്ങൾ ചെയ്യുന്നത് പോലെയാണ്. ഇത് സൃഷ്ടികളോടുള്ള കടമയിലെ പ്രകാശമാണ്, ഇത് നിർബന്ധമാണ്. അല്ലാഹു നോമ്പും നമസ്കാരവും നമുക്കായി നിർബന്ധമാക്കിയതുപോലെ സൃഷ്ടികളോടുള്ള കടമ സംരക്ഷിക്കുന്നതും നിർബന്ധമാക്കിയിരിക്കുന്നു. സഹാനുഭൂതിയെ ഉപേക്ഷിക്കുന്നവൻ ദീനിനെ ഉപേക്ഷിക്കുന്നു. വി. ഖുർആനിൽ പറയുന്നു, مَنۡ قَتَلَ نَفۡسًۢا بِغَيۡرِ نَفۡسٍ اَوۡ فَسَادٍ അതായത് യാതൊരു കാരണവുമില്ലാതെ ഒരാളെ കൊല്ലുന്നയാൾ മുഴുവൻ ലോകത്തെയും കൊന്നതുപോലെയാകുന്നു. അത് പോലെ തന്നെ ഞാൻ പറയുന്നു, ആരെങ്കിലും തന്റെ സഹോദരനോട് സഹാനുഭൂതി കാണിക്കുന്നില്ലെങ്കിൽ മുഴുലോകത്തോടും സഹാനുഭൂതി കാണിക്കുന്നില്ല. വിശ്വാസം നഷ്ടമാകുന്ന തരത്തിൽ ജീവിതത്തെ സ്നേഹിക്കരുത്. സഹോദര കർത്തവ്യത്തെ ഒരിക്കലും ഉപേക്ഷിക്കരുത്.''

ഈ കാര്യം നാം മനസ്സിലാക്കുകയാണെങ്കിൽ ധാരാളം കലഹങ്ങളും, വിദ്വേഷങ്ങളും, വഴക്കുകളും, കേസുകളും ഇല്ലാതാകുന്നതാണ്. പറയുന്നു: ''എല്ലാ അനുഗ്രഹങ്ങളും വിശ്വാസത്തോടൊപ്പമാകുന്നു. വിശ്വാസത്തെ പ്രബലപ്പെടുത്തുക. അവകാശനിഷേധം ധിക്കാരമാകുന്നു. അവകാശത്തെ ധ്വംസിക്കുന്നത് പാപമാകുന്നു. അല്ലാഹു മാതൃകയാക്കാൻ ആഗ്രഹിക്കുന്ന ഈ ജമാഅത്തിൽ സഹാനുഭൂതിയും സാഹോദര്യവും ഉണ്ടാകുന്നില്ലെങ്കിൽ അത് വലിയ ന്യൂനതയായിരിക്കും.

വീണ്ടും പറയുന്നു, നമ്മുടെ ജമാഅത്തിനെതിരിൽ എതിരാളികൾ വിദ്വേഷം വച്ചു പുലർത്തുന്നു. ജമാഅത്ത് നശിക്കാൻ അവർ ആഗ്രഹിക്കുന്നു. അവരുടെ വിദ്വേഷവും ശത്രുതയും ഉണ്ടായിട്ടും ഒരു കാര്യത്തിൽ ഞാൻ യോജിക്കുന്നു. അല്ലാഹു ആഗ്രഹിക്കുന്നത്, ഈ ജമാഅത്ത് പാപങ്ങളിൽ നിന്നും മുക്തമാകുകയും തന്റെ പെരുമാറ്റത്തിന്റെ ഉന്നത മാതൃക കാണിക്കുകയും ചെയ്യണമെന്നതാകുന്നു. വിശുദ്ധ ഖുർആന്റെ സത്യ അദ്ധ്യാപനങ്ങൾ ശരിയായി പ്രാവർത്തികമാക്കുന്നവരായിരിക്കണം. നബി ﷺ യുടെ അനുധാവനത്തിൽ ലയിച്ചില്ലാതായിത്തീരണം. പരസ്പരം യാതൊരു വിധത്തിലുള്ള വിദ്വേഷവും ശത്രുതയും ഉണ്ടായിരിക്കരുത്. അല്ലാഹുവിനോട് പൂർണ്ണമായും, സത്യമായും സ്നേഹിക്കുന്ന ജമാഅത്തായിരിക്കണം. ആരെങ്കിലും ഈ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ട് ഈ ലക്ഷ്യത്തെ പൂർത്തിയാക്കുന്നില്ലെങ്കിൽ, തന്റെ കർമങ്ങൾ കൊണ്ട് ശരിയായ പരിവർത്തനം കാണിക്കുന്നില്ലെങ്കിൽ ഓർത്തുകൊള്ളുക അയാൾ ശത്രുക്കളുടെ ആഗ്രഹത്തെയാണ് പൂർത്തിയാക്കുന്നത്. അയാൾ നിശ്ചയമായും അതിന്റെ മുന്നിൽ നശിപ്പിക്കപ്പെടുന്നതാണ്. അല്ലാഹുവിന് ആരുമായും രക്തബന്ധമില്ല. അവൻ ആരെയും വക വെക്കില്ല. പ്രവാചകന്മാരുടെ സന്തതികൾ എന്ന് പറയപ്പെട്ട, ഇസ്രായീൽ സന്തതികളിൽ ധാരാളം പ്രവാചകന്മാർ വരികയും അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങളുടെ അവകാശികളാക്കപ്പെടുകയും ചെയ്തിരുന്നു. എന്നാൽ അതിന്റെ ആത്മീയാവസ്ഥ മോശമായപ്പോൾ, നേർമാർഗത്തെ ഉപേക്ഷിച്ചപ്പോൾ, ധിക്കാരവും അക്രമവും അനീതിയും സ്വീകരിച്ചപ്പോൾ എന്ത് പരിണിതഫലമാണ് ഉണ്ടായത്? ضُرِبَتْ عَلَيْهِمُ الذِّلَّةُ وَالْمَسْكَنَةُ എന്നതിന്റെ സാക്ഷ്യപത്രമായി. അല്ലാഹുവിന്റെ കോപം അവരിൽ വർഷിച്ചു. എന്ത് ഗുണപാഠമാണ് അതിലുള്ളത്. ബനീഇസ്റാഈലിന്റെ അവസ്ഥ എപ്പോഴും ഒരു ഗുണപാഠമാണ്.

അപ്രകാരം തന്നെ അല്ലാഹു തന്റെ കരങ്ങളാൽ സ്ഥാപിച്ച ഈ സമുദായത്തിൽ അവൻ വലിയ വലിയ അനുഗ്രഹങ്ങൾ വർഷിക്കുന്നതാണ്. എന്നാൽ ആരെങ്കിലും ഈ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ട് അല്ലാഹുവിനെ യഥാർത്ഥമായി സ്നേഹിക്കാതിരിക്കുകയും, നബി ﷺ യെ യഥാർഥ നിലയിൽ അനുസരിക്കാതിരിക്കുകയും ചെയ്യുന്നുവോ, അവർ ചെറുതോ വലുതോ ആകട്ടെ മുറിച്ചു മാറ്റപ്പെടുന്നതാണ്. അല്ലാഹുവിന്റെ കോപത്തിന് പാത്രമാകുന്നതാണ്. അതിനാൽ നിങ്ങൾ പരിപൂർണമായ പരിവർത്തനമുണ്ടാക്കുക. ജമാഅത്തിന്റെ ദുഷ്പേരിന് കാരണമാകുന്നവരാകരുത്.

ഇതാണ് നാം കരസ്ഥമാക്കാനായി ശ്രമിക്കേണ്ട നിലവാരം. അതിനായി പരിശ്രമിക്കേണ്ടതാണ്. ഭയഭക്തി സ്വീകരിക്കുകയും, സ്വന്തം കർമങ്ങളെ സംസ്കരിക്കുകയും, സ്വന്തം വിശ്വാസത്തിന്റെ നിലവാരത്തെ ഉയർത്തുകയും ചെയ്യുക എന്നത് നിസാര കാര്യമല്ല. നാം കാലഘട്ടത്തിലെ ഇമാമിനെ വിശ്വസിച്ചിരിക്കുന്നു. അതിനാൽ അദ്ദേഹത്തിന്റെ പ്രതീക്ഷകളെ പൂർണ്ണമായും പൂർത്തിയാക്കുന്നവരാകുന്നതിനായി ശ്രമിക്കേണ്ടതാണ്. ഓരോ നിസാര നന്മകളും ചെയ്യാൻ ശ്രമിക്കേണ്ടതാണ്. എല്ലാ തിന്മകളിൽ നിന്നും പൂർണമായും വെറുപ്പ് പ്രകടിപ്പിക്കേണ്ടതാണ്. സ്നേഹവും സാഹോദര്യവും വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. പരസപരം സഹായികളായി മാറേണ്ടതാണ്. അപ്പോൾ മാത്രമെ നാം ബയ്അത്തിന്റെ കടമകൾ പൂർത്തിയാക്കുന്നവരായിത്തീരുകയുള്ളൂ. *അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കട്ടെ.*

ഇന്ന് ഞാൻ വീണ്ടും സിറിയയെ പോലെ കലഹങ്ങൾ നടക്കുന്ന ഇസ്ലാമിക രാഷ്ട്രങ്ങൾക്കായി ദുഃആ ചെയ്യാനായി പറയാൻ ആഗ്രഹിക്കുന്നു. അവിടെ വളരെയധികം അനീതിയാണ് നടക്കുന്നത്. അത്പോലെ പാകിസ്ഥാനിലെ അഹ്മദികൾക്ക് വേണ്ടിയും. അവരുടെ മേൽ വലിയ അക്രമമാണ് നടക്കുന്നത്. എല്ലാ നിലയിലും സുരക്ഷിതരല്ല എന്ന ഭീതി അവരിൽ നിറക്കാൻ ആഗ്രഹിക്കുകയാണ്. *അല്ലാഹു എല്ലാവരെയും തന്റെ സംരക്ഷണത്തിൽ വെക്കട്ടെ. കലഹങ്ങൾ വ്യാപിപ്പിക്കുകയും സമാധാനത്തെ നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരെ അല്ലാഹു പെട്ടെന്ന് പിടിക്കുമാറാകട്ടെ.*

# PRINTED BOOKS

To

From,
AHMADIYYA JAMA-AT
" Baitul Quddoos "
G.H.Road, Calicut -1

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2014 February 07 at : Baitul Futuh Mosque, London.
Translation: T.M.Abdul Mujeeb, Thammanam - 09946794987

Typing: A.T. Nasarudheen Calicut
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, Calicut Zilla.**